"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കാത്ത വാഹനത്തിൽ കുടിവെള്ള വിതരണം ചെയ്ത നടപടി സാധുകരിച്ചു ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.271/2026/LSGD തീയതി,തിരുവനന്തപുരം, 03-02-2026

---

പരാമർശം:-
1. 15/02/2021 ലെ സ.ഉ(സാധാ)446/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. 13/11/2022 ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN 803/2022-G1(DP) നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം കുടിവെള്ള വിതരണത്തിനായി 3,00,000/- രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് ഡി.പി.സി. അംഗീകാരം ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമവും, കോവിഡ് മഹാമാരിയും നിലനിന്നിരുന്ന സാഹചര്യമായതിനാൽ കുടിവെള്ള വിതരണം നടത്തേണ്ടത് അനിവാര്യമായി വന്നുവെന്നും, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകൾ ഈ സമയം കണ്ടെയ്മെന്റ് സോണുകളായി പ്രഖ്യാപിച്ചിരുന്നതിനാലും, ജനങ്ങൾക്ക് പരസ്പരം സമ്പർക്കത്തിനോ അയൽവീടുകളിൽ നിന്ന് കുടിവെള്ളം ശേഖരിക്കുന്നതിനോ കഴിയാത്ത അവസ്ഥ നിലനിന്നിരുന്നതിനാലും പൊതുജനങ്ങൾക്ക് വെള്ളം എത്തിക്കേണ്ടത് അത്യാവശ്യമെന്ന് കണ്ട് റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ 22/02/2021 ലെ 1 (5) തിരുമാനപ്രകാരം ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ പഞ്ചായത്തിന്റെ പ്രദേശത്ത് കുടിവെള്ള വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. എന്നാൽ മൂന്നു വ്യക്തികൾ ക്വട്ടേഷൻ നൽകിയെങ്കിലും ആരും തന്നെ ജി.പി.എസ്. ഘടിപ്പിച്ച വാഹനത്തിൽ കുടിവെള്ളം എത്തിക്കുന്നതായി ക്വട്ടേഷൻ നൽകിയിരുന്നില്ല. കോവിഡ് മഹാമാരി മൂലം ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കോവിഡ് രൂക്ഷമായി കണ്ടെയ്ന്മെന്റ് സോണുകളായി പ്രഖ്യാപിക്കുകയും, വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്ത സാഹചര്യം കണക്കിലെടുത്താണ് ജി.പി.എസ് ഘടിപ്പിക്കാത്ത വാഹനങ്ങളിലുള്ള കുടിവെള്ളവിതരണത്തിന് ശ്രീ.

പ്രസന്നകുമാർ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിക്കേണ്ടി വന്നുവെന്നും ഗ്രാമപഞ്ചയാത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും, അതിൽ പ്രകാരം 10/03/2021 മുതൽ 10/05/2021 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന് കരാറുകാരന് 2,08,250/- രൂപ അനുവദിക്കുന്നതിനു ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ, പരിഗണനയ്ക്കായി പരാമർശം (2) പ്രകാരം പഞ്ചായത്തു ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തു ഡയറക്ടർ, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, ജി.പി.എസ്. ഘടിപ്പിക്കാത്ത വാഹനത്തിൽ കുടിവെള്ള വിതരണം ചെയ്തിട്ടുള്ളത് പരാമർശിത സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. എന്നിരുന്നാലും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം കുടിവെള്ള വിതരണത്തിനായി 3,00,000/- രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് ഡി.പി.സി അംഗീകാരം വാങ്ങിയതിനാലും കുടിവെള്ള വിതരണം നടത്തിയ തുകയായ 2,08,250/- രൂപ പ്രസ്തുത തുകയിലും പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള തുകയിലും അധികരിക്കാത്തതിനാലും കോവിഡ് മഹാമാരി കാരണം ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കോവിഡ് രൂക്ഷമായി കണ്ടെയ്ന്മെന്റ് സോണുകളായി പ്രഖ്യാപിക്കുകയും, വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്ത സാഹചര്യം കണക്കിലെടുത്തും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിനു 10/03/2021 മുതൽ 10/05/2021 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കാത്ത വാഹനത്തിൽ കുടിവെള്ള വിതരണം ചെയ്ത നടപടി സാധൂകരിച്ചുകൊണ്ടും മേലിൽ മാനദണ്ഡങ്ങൾ പാലിച്ചുമാത്രമേ കുടിവെള്ളം വിതരണം ചെയ്യാവു എന്ന നിബന്ധനയോടും കുടിവെള്ളവിതരണത്തിനു ചെലവായ 2,08,250/- രൂപയുടെ ചെലവ് ആധികാരികത റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തു സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത സർക്കാർ ഉത്തരവിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനത്/ വികസനഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്ത് , പത്തനംതിട്ട

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2) കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓാഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 03-02-2026 11:29:50
സെക്ഷൻ ഓഫീസർ